തീയതി 21.07.23

# കെ.എസ്.എഫ്.ഡി.സി. വനിതാ സിനിമ "നിഷിദ്ധോ" - പ്രീ സെയിൽ കൂപ്പൺ സമ്മാനപദ്ധതി നറുക്കെടുപ്പ് - ഫല പ്രഖ്യാപനം

സംസ്ഥാന സർക്കാരിന്റെ വനിതാ സംവിധായകർക്കായുള്ള സിനിമാ പദ്ധതിയുടെ 2019-20 ബഡ്ജറ്റ് പ്രകാരം കെ.എസ്.എഫ്.ഡി.സി. നിർമ്മിച്ച്, ശ്രീമതി. താരാ രാമാനുജൻ സംവിധാനം ചെയ്ത വനിതാ സിനിമയായ "നിഷിദ്ധോ" യുടെ പ്രീ സെയിൽ കൂപ്പൺ സമ്മാനപദ്ധതി പ്രകാരം കെ.എസ്.എഫ്.ഡി.സി.യെ പ്രതിനിധീകരിച്ച് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, സ്റ്റുഡിയോ മാനേജർ, ഫിലിം ഓഫീസർ എന്നിവരുടെ സാന്നിധ്യത്തിൽ 21.07.2023 രാവിലെ 10 മണിക്ക് ചിത്രാഞ്ജലി സ്റ്റുഡിയോയിൽ നറുക്കെടുപ്പ് നടത്തി. ഒന്നാം സമ്മാനമായ ഹോണ്ട ആക്റ്റിവ സ്കൂട്ടർ ടിക്കറ്റ് നമ്പർ **159696** നാണ് ലഭിച്ചത്. രണ്ടാം സമ്മാനമായ എൽ.ഇ.ഡി. ടി.വി (രണ്ട് എണ്ണം) ടിക്കറ്റ് നമ്പർ **152173, 130930** എന്നിവയ്ക്കാണ് ലഭിച്ചത്. മൂന്നാം സമ്മാനമായ വാഷിംഗ് മെഷീൻ (മൂന്ന് എണ്ണം) ടിക്കറ്റ് നമ്പറുകളായ **114457, 254119, 203231** എന്നിവയ്ക്കാണ് ലഭിച്ചത്. കേരള സംസ്ഥാന ഭാഗ്യക്കുറി വകുപ്പിൻറെ സാങ്കേതിക സഹായത്തോടെ തിരുവല്ലം വാർഡ് കൗൺസിലറായ ശ്രീ. ഡി. ശിവൻ കുട്ടി, അഡ്വക്കേറ്റ് ആദർശ് ജെ.ആർ, ശ്രീ. ബൈജു (ഫെയിം മുൻഷി ബൈജു) എന്നിവരടങ്ങുന്ന പാനലാണ് വിജയികളെ തിരഞ്ഞെടുത്തത്.

വിജയികളായി തിരഞ്ഞെടുക്കപ്പെട്ടവർ 22.07.2023 മുതൽ 21.09.2023 വരെ സമ്മാനർഹമായ ടിക്കറ്റുമായി കെ.എസ്.എഫ്.ഡി.സി. ഹെഡാഫീസിൽ എത്തിച്ചേരേണ്ടതാണ്. പ്രസ്തുത കാലയളവിനുള്ളിൽ ഹാജരാക്കാത്ത ടിക്കറ്റുകൾക്ക് സമ്മാനം നല്കുന്നതല്ല.

മാനേജിംഗ് ഡയറക്ടർ